# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4907

01.07.2013- ൽ മറുപടിക്ക്

## ആലപ്പുഴ തുറമുഖം പുനർ നിർമ്മിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ തുറമുഖത്തിന്റെ പുനർ നിർമ്മാണം പരിഗണനയിലുണ്ടോ ; ഇതിനു വേണ്ടി വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) ഉണ്ട്.<br>ആലപ്പുഴ തുറമുഖത്തിന്റെ വികസനത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയോഗിച്ചിരുന്നു. DPR ഉം RFP യും കരട് സി.എ യും കൺസൾട്ടന്റ് സമർപ്പിച്ചിട്ടുണ്ട്. ഇവർ സമർപ്പിച്ച റിപ്പോർട്ടിൽ Inland Marina Beach side Development, Passenger Terminal എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവ പി.പി.പി മോഡലിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ടെണ്ടർ രേഖകൾ സർക്കാർ പരിശോധിച്ചുവരുന്നു. ഇതിൽ ഇൻലാന്റ് മറീനയ്ക്ക് 14.34 കോടിയും, Beach side Development ന് 71.26 കോടിയും, പാസഞ്ചർ ടെർമിനലിന് -40.71 കോടിയും രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പാസഞ്ചർ ടെർമിനലിന് ആവശ്യമായ |

പുലിമുട്ടുകൾ സർക്കാർ ചെലവിൽ നിർമ്മിച്ചാൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുക യുള്ളുവെന്ന് റിപ്പോർട്ടിൽ പറയുന്നു. പാസഞ്ചർ ടെർമിനൽ നിലവിൽ വന്നാൽ തീരദേശ കപ്പൽ ഗതാഗത പദ്ധതി യിൽ ഉദ്ദേശിക്കുന്ന ചെറിയ യാത്രാ കപ്പലു കൾക്ക് ആലപ്പുഴ തുറമുഖത്ത് അടുക്കാനാകും.

(ബി) തുറമുഖത്തെ ആശ്രയിച്ച് ജീവിക്കുന്ന എത്ര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത് ; ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ; വ്യക്തമാക്കാമോ ?

(ബി) ആലപ്പുഴ തുറമുഖത്തെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികൾ ഇപ്പോൾ ഇല്ല. മുമ്പ് തുറമുഖത്തെ അശ്രയിച്ച് ജീവിച്ചിരുന്ന 299 രജിസ്ട്രേഡ് തൊഴിലാളികൾ ഉണ്ടായിരുന്നു. അവരിൽ ജീവിച്ചിരിക്കുന്ന വർക്കും, മരണപ്പെട്ട് പോയവരുടെ ആശ്രിതർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എല്ലാവർഷവും ഓണത്തിന് ഓണബത്തയും, ഒരാഴ്ചത്തെ റേഷനും സൗജന്യമായി നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ